# പതിമൂന്നാം കേരള നിയമസഭ
## രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 2708 — 12.10.2011 ൽ മറുപടിയ്ക്ക്

## നെൽകർഷകർക്ക് പലിശരഹിത വായ്പ

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി | ശ്രീ. സി. എൻ. ബാലകൃഷ്ണൻ (സഹകരണ വകുപ്പ് മന്ത്രി) |
| (എ) പ്രാഥമിക കാർഷിക വായ്പാ സഹകരണ സംഘങ്ങൾ മുഖേന അടുത്ത ഒരു വർഷത്തിനുള്ളിൽ കാർഷിക വായ്പ വിപുലമായി നൽകുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ; | (എ) ഉദ്ദേശിക്കുന്നുണ്ട്. |
| (ബി) എങ്കിൽ എത്ര കോടി രൂപയുടെ വായ്പ നൽകാനാണ് ഉദ്ദേശിക്കുന്നത്; | (ബി) ഈ വർഷം 2500 കോടി രൂപയുടെ വായ്പ നൽകാനാണ് ഉദ്ദേശിക്കുന്നത്. |
| (സി) കാർഷിക വായ്പ കൃത്യമായി തിരിച്ചടക്കുന്ന കർഷകർക്ക് എന്തെങ്കിലും പ്രത്യേക ആനുകൂല്യം നൽകുമോ; എങ്കിൽ വിശദാംശങ്ങൾ നൽകാമോ; | (സി) 2011 – 12 സാമ്പത്തിക വർഷത്തിൽ കേന്ദ്ര സർക്കാർ നയമനുസരിച്ച് കർഷകർക്ക് 7% പലിശ നിരക്കിൽ കാർഷിക വായ്പ വിതരണം ചെയ്യണമെന്നാണ് നബാർഡ് നിർദ്ദേശിക്കുന്നത്.<br>കാർഷിക വായ്പകൾ കൃത്യമായി തിരിച്ചടയ്ക്കുന്ന കർഷകർക്ക് 2011 – 12 വർഷം മുതൽ 3% പലിശ സബ് വെൻഷൻ കേന്ദ്ര സർക്കാർ അനുവദിക്കുന്നുണ്ട്. കൂടാതെ 2011 – 12 വർഷത്തേയ്ക്കുള്ള പുതുക്കിയ ബഡ്ജറ്റിൽ, വായ്പയെടുക്കുന്ന കൃഷിക്കാരെയും വായ്പ നൽകുന്ന സ്ഥാപനങ്ങളെയും സംരക്ഷിക്കുന്നതിന്, കൃത്യമായി തിരിച്ചടയ്ക്കുന്നവർക്കായി ഒരു ഉത്തേജന പലിശ ഇളവ് പദ്ധതി പ്രഖ്യാപിച്ചിട്ടുണ്ട്. അപ്രകാരം സഹകരണ സ്ഥാപനങ്ങളിൽ നിന്ന് കാർഷിക വായ്പ എടുക്കുന്ന ഏതൊരാൾക്കും പ്രസ്തുത വായ്പ തുക കൃത്യ തീയതിയിൽ |

തിരിച്ചടയ്ക്കുന്ന പക്ഷം 5% പലിശ ഇളവ് നൽകുന്നതിന് ഉദ്ദേശിച്ചിട്ടുണ്ട്. ടി പദ്ധതി നടപ്പിലാക്കുന്നതോടുകൂടി ഫലത്തിൽ കർഷകർക്ക് 0% പലിശ നിരക്കിൽ കാർഷിക വായ്പ ലഭ്യമാകുന്നതാണ്.

ഇതിനു പുറമേ 2 ഏക്കർ കൃഷി ഭൂമിയുളള കർഷകർ എടുക്കുന്ന 25,000/- രൂപ വരെയുളള കാർഷിക വായ്പ കൃത്യമായി തിരിച്ചടയ്ക്കുമ്പോൾ മുതൽ തുകയുടെ 5% പ്രോത്സാഹനവുമായി അനുവദിക്കുന്ന പ്രൊഡക്ഷൻ കോസ്റ്റ് - റിലീഫ് പദ്ധതിയും നിലവിലുണ്ട്. കേന്ദ്ര സർക്കാർ നയമനുസരിച്ച് 7% പലിശ നിരക്കിൽ കാർഷിക വിള വായ്പകൾ വിതരണം ചെയ്യുന്നതിനും വായ്പ കൃത്യമായി തിരിച്ചടയ്ക്കുന്ന കർഷകരിൽ നിന്നും 4% പലിശ നിരക്കിൽ കാർഷിക വായ്പ തിരികെ ഈടാക്കുന്നതിനും നടപടി സ്വീകരിച്ചു വരുന്നു.

(ഡി) നെൽകർഷകർക്ക് പലിശ രഹിത വായ്പ നൽകുന്ന കാര്യം പരിഗണനയിലുണ്ടോ; എങ്കിൽ എത്രപേർക്ക്;

(ഡി) നെൽകർഷകർക്ക് പലിശ രഹിത വായ്പ പദ്ധതി ഇപ്പോൾ നിലവിലുണ്ട്. 2011-12 വർഷത്തിൽ ഏകദേശം 30,000 പേർക്ക് ഈ ആനുകൂല്യം ലഭ്യമാകുന്നതാണ്.

(ഇ) പലിശ ഇനത്തിൽ ചെലവായ തുക സഹകരണ സംഘങ്ങൾക്ക് സർക്കാർ നൽകുമോ; എങ്കിൽ വിശദാംശങ്ങൾ ലഭ്യമാക്കുമോ?

(ഇ) സംസ്ഥാനത്തൊട്ടാകെ സഹകരണ സംഘങ്ങൾ/ബാങ്കുകളിൽ നിന്നും സ്കെയിൽ ഓഫ് ഫിനാൻസിനു വിധേയമായി 6 മാസ കാലയളവിൽ നെൽകൃഷിക്ക് നെൽ കർഷകർ എടുക്കുന്ന കാർഷിക വായ്പയുടെ പലിശ ബാദ്ധ്യത സർക്കാർ വഹിച്ചു വരുന്നു. സംസ്ഥാനത്തെ സഹകരണ ബാങ്കുകളിൽ നിന്നും വായ്പയെടുത്തിട്ടുളള നെൽകൃഷി കർഷകർക്ക് ഈ ആനുകൂല്യം ലഭ്യമാണ്.

സെക്ഷൻ ഓഫീസർ